# Lourde Voice

# ലൂർദ്ദ് വോയ്സ്

MARCH - APRIL 2024



**LOURDES FORANE CHURCH**

**GANDHIPURAM, COIMBATORE**

www.lourdesforane.com


35
YEARS OF TRUST
Modern Grinder Supplier for Modern World
Commercial Coconut Scrapper
Coventional Tilting Grinder
Vegetable Cutter
Commercial Wet Grinder Avalable in 3 to 20 Liters
Table Top Wet Grinder
Commercial Tilting Grinder Avalable in 5 to 25 Liters
Commercial Atta Kneader
BEETEX® INDUSTRIES
808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

## ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM


പുസ്തകം 1 | മാർച്ച് – ഏപ്രിൽ 2024 | ലക്കം 10


കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും


**ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ,**
lourdevoicegandhipuram@gmail.com


കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30


EDITOR
Fr. Shajan Cheeramban
Ph: 8015371008

SUB EDITOR CUM TRESURER
Fr. Bibin Valiyanirappel MCBS
Ph: 9072434176

CONVENOR
Mr. Joffy Jose

SECRETARY
Mrs. Ajimol Antony

EDITORIAL BOARD
Sr. Mercita FCC
Mrs. Deepa Biju
Mrs. Tina Felix
Mrs. Fenila Joju

LOURDE VOICE PRO
Mr. C G Antony

KAIKKARS
Mr. P.V Francis
Mr. C.F Poulson
Mr. Hinson P.K



**എഡിറ്റോറിയൽ**

**ഇടയമൊഴി**

**ഇന്ന്**

**ഇടവക വാർത്തകൾ**

**സംഘടനാവാർത്തകൾ**


**ഓർമ്മിക്കേണ്ട ദിവസങ്ങൾ**

**സഭാവാർത്തകൾ**

**Catechism News**

**Kids Corner**

**Faith Sparks**



# Editorial

**റോമിയോ അലോഷ്യസ്**

അഭിലാഷങ്ങൾക്ക് അടിപ്പെടരുത്. അവ നിന്നെ കാളക്കൂറ്റനെപ്പോലെ കുത്തിക്കീറും. (പ്രഭാ 6:2)

സഭയുടെ അപ്രമാണികഗ്രന്ഥത്തിൽ നിന്നുള്ള ഒരു സംഭവം. രാത്രിയിൽ കൊട്ടാരത്തിലേക്കു വരുന്ന ഏലിയാ പ്രവാചകൻ. കൊട്ടാരത്തിനു കാവൽ നിൽക്കുന്നത് പിശാചുക്കളുടെ തലവനായ ലൂസിഫർ. അവൻ ഗാഢനിദ്രയിലാണ് എന്ന് കണ്ട് പ്രവാചകൻ അവനെ എഴുന്നേൽപ്പിച്ചു ചോദിച്ചു. നീ ഇങ്ങനെ ഉറങ്ങിക്കൊണ്ടിരിന്നാൽ കൊട്ടാരത്തിലെ ആളുകൾ കവാടത്തിലൂടെ രക്ഷപ്പെടില്ലേ? ലൂസിഫർ ഇപ്രകാരം ഉത്തരം നല്കി. രക്ഷപെടാനാവാത്ത വിധം എല്ലാവരും എപ്പോഴും ഇവിടെ ഉറക്കത്തിലാണ്. കൊട്ടാരത്തിലേക്ക് ഉറ്റുനോക്കുന്ന പ്രവാവചകന് കൊട്ടാരത്തിന്റെ മുകളിലുള്ള ഓടുകളെ അള്ളിപ്പിടിച്ചിരിക്കുന്ന കുട്ടിപ്പിശാചുകളെ കാണാം. ഓരോ ഓടിനും ഏഴുകുട്ടിപ്പിശാചുകൾ വീതം. ഈ കഥയിൽ ഓടിനെ മനഷ്യരോട് ഉപമിച്ചിരിക്കുന്നു. ഏഴുപിശാചുക്കൾ എന്തിനാണ് ഓരോ ഓടിനെയും പിടിച്ചിരിക്കുന്നത് എന്ന പ്രവാചകന്റെ ചോദ്യത്തിന് ലൂസിഫർ നല്കുന്ന ഉത്തരം ശ്രദ്ധേയമാണ്. ഓരോ പിശാചുക്കളും ഓരോ മനുഷ്യരുടെയും ഓരോ അഭിലാഷങ്ങളാണ്. അഹങ്കാരം, അസൂയ, ദ്രവ്യാഗ്രഹം, ജഡികാസക്തി, സുഖലോലുപത എന്നിങ്ങനെ ഓരോ മനുഷ്യരുടെയും അഭിലാഷങ്ങൾക്കനുസരിച്ചുള്ള പിശാചുക്കളാണ് ഓരോരുത്തരെയും അള്ളിപ്പിടിച്ചിരിക്കുന്നത്. മനുഷ്യൻ കഷ്ടപ്പെട്ട് പരിശ്രമിച്ച് ഒന്നിൽ നിന്നും പുറത്തു വരാൻ ശ്രമിക്കുമ്പോൾ അടുത്തത് പിടിമുറക്കും. മനുഷ്യൻ അവന്റെ അടിമത്വത്തിൽ തിന്മയിൽ നിന്ന് തിന്മയിലേക്ക് പാഞ്ഞുകൊണ്ടിരിക്കുന്നു. ഒന്നിൽ നിന്ന് രക്ഷപ്പെടുമ്പോൾ മറ്റൊന്നിനാൽ വരിഞ്ഞു മുറക്കപ്പെടുന്ന മനുഷ്യജീവിതങ്ങൾ.

തളിരിടാനൊരുക്കപ്പെടുന്ന കാലത്തെയാണ് 'Lent' അഥവാ നോമ്പ് എന്ന ലത്തീൻ പദം കൊണ്ട് അർത്ഥമാക്കുന്നത്. ഇലകൾ കൊഴിഞ്ഞ്

താപസഭാവത്തിൽ നിൽക്കുന്ന വൃക്ഷങ്ങളും പൂമ്പാറ്റകൾ ചിറകണിയുന്നതിനു മുൻപുള്ള പ്യൂപ്പാ വസ്ഥയും നോമ്പിന്റെ ഭാവചിത്രങ്ങൾ തന്നെയാണ്. സമ്പൂർണ്ണതയുടെ അടയാളമായ ഏഴ് ആഴ്ചവട്ടക്കാലം ക്രിസ്തു ചരിതം ആവർത്തിച്ച് സഭാഗാത്രത്തെ ക്രിസ്തുഗന്ധയാക്കിത്തീർക്കുകയാണ് ഈ നോമ്പ്. പുഴുവിന്റെ കഥയിലേതുപോലെ ഒരു രൂപാന്തരീകരണം ഈ നോമ്പുകാലത്ത് മനുഷ്യന് ആവശ്യമാണ്. പുഴുവിന് സ്വർഗ്ഗത്തിലേക്കുള്ള വാതിൽ തുറന്നകിട്ടിയത് പുഴുവിന്റെ രൂപാന്തരീകരണം പൂർത്തിയാക്കി പൂമ്പാറ്റയായപ്പോൾ മാത്രമാണ്.

നമ്മുടെ ഓരോരുത്തരുടെയും വിശുദ്ധീകരണമെന്ന് ദൈവം അഭിലഷിക്കുന്നത്. ദൈവസ്നേഹത്തിൽ നാം സ്വയം കഷ്ടം സഹിക്കുന്നതാണ് നോമ്പ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഉപവാസം, ആശയടക്കം മത്സ്യമാംസാഹാരവർജ്ജനം, ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെയും, ആഡംബരം, മദ്യം, പുകവലി ഒഴിവാക്കൻ എന്നിവയിലൂടെ നാം നോമ്പാചരിക്കുന്നു.

ഒരേപാപങ്ങൾ തന്നെ എല്ലാ കുമ്പസാരത്തിലും ഏറ്റുപറയേണ്ടി വരുന്ന അഭിലാഷങ്ങൾക്കും അധമവികാരങ്ങൾക്കും അടിമയായ മനുഷ്യനെ ഈ നോമ്പുകാലത്ത് നമുക്ക് പരിശുദ്ധാത്മാവാകുന്ന തീച്ചൂളയിലിട്ട് ഉരുക്കിയെടുക്കാം. അഗതികളെയും ദുഃഖിതരെയും കനിവോടെ സ്നേഹിച്ചും സഹായിച്ചും കുടുംബപ്രാർത്ഥനകൾ ഇല്ലാത്ത ഭവനങ്ങളിൽ കുടുംബ പ്രാർത്ഥനകൾ ചൊല്ലിയും വ്യക്തിഗത പ്രാർത്ഥനയുടെ ചൈതന്യത്തിൽ വന്നിട്ടുള്ള കുറവുകൾ നികത്തിയും ഈ നോമ്പ് നമുക്ക് അനുഷ്ഠിക്കാം.

ക്രൂശിതനെ പിൻതുടരുവാനുള്ള വലിയ ശക്തി നമുക്ക് ഈ നോമ്പിൽ നിന്നും ലഭിക്കണം. സഹനം മാത്രമല്ല കാൽവരിയിൽ കാണാൻ കഴിയുന്നത്. അവിടെ ക്ഷമയുണ്ട്, കരുതലുണ്ട്, പ്രത്യാശയുണ്ട്, പാപപരിഹാരമുണ്ട്. ദ്രോഹിക്കുന്നവരോടുള്ള ക്ഷമ, അമ്മയോടുള്ള കരുതൽ, നല്ലകള്ളനുള്ള പ്രത്യാശ, നമുക്കായുള്ള പാപപരിഹാരം.

കാൽവരിയിലെ മരണമല്ല, ഉയിർപ്പാകണം നമ്മുടെ ഓരോരുത്തരുടെയും പ്രത്യാശ. രുചി വെടിഞ്ഞ് സമൂഹത്തിന് രുചി പകരാൻ ഈ നോമ്പ് ഏവർക്കും ഒരവസരമാകട്ടെ.



**ഫാ. ഷാജൻ ചീരമ്പൻ**
വികാരി

# ഇടയമൊഴി

എത്രയും സ്നേഹം നിറഞ്ഞ കുടുംബാംഗങ്ങളെ,

എല്ലാവർക്കും സുഖമാണെന്ന് കരുതുന്നു. ഈ കത്ത് മുഴുവനായും വായിക്കണം കേട്ടോ...

ഗാന്ധിപുര ഇടവക ദൈവസ്നേഹത്താൽ സമ്പന്നതയാർന്ന ഇടവകയാണ് കഴിഞ്ഞ തിരുനാൾ കഴിഞ്ഞപ്പോൾ ഒരു ചേട്ടൻ എന്റെ അടുത്ത് വന്നു പറഞ്ഞു "കൂളായിരുന്നു എല്ലാമേ ജോളിയായി സെയ്ത്തിട്ടീങ്ങേ"

കൂളായതും ജോളിയായതും മനോഹരമായതും എല്ലാം നമ്മുടെ കുടുംബത്തിലെ അംഗങ്ങളുടെ ഗുണമാണ്. ഒരു ടെൻഷനും ഇല്ലാതെ നമ്മുടെ തിരുനാൾ ആഘോഷം ആത്മീയവും മനോഹരവുമായ ഓർമയായത് ഈ ഇടവക കുടുംബത്തിലെ ഓരോ വ്യക്തികളുടെയും ഹൃദയനന്മായണ്.

തിരുനാളിന്റെ വിജയത്തിനായി പ്രവർത്തിച്ച കൺവീനർമാർക്കും, കമ്മിറ്റിക്കാർക്കും, കൈക്കാരന്മാർക്കും, സംഘടനാ ഭാരവാഹികൾക്കും, യൂണിറ്റ് ഭാരവാഹികൾക്കും, ബഹു. സിസ്റ്റേഴ്സിനും, ഇടവക കുടുംബത്തിനും സ്നേഹപൂർവ്വം അഭിനന്ദനങ്ങൾ നേരുന്നു.

തിരുനാളിനോടനുബന്ധിച്ചു നടത്തിയ മ്യൂസിക് ഫ്യൂഷൻ, നാടകം സ്പോൺസർ ചെയ്ത പവിഴം ജ്വല്ലേഴ്സും, ലിറ്റിൽ നെസ്റ്റ് ബിൽഡേഴ്സും, ബീറ്റേക്ക്സ് ഇൻഡസ്ട്രീസും, എം ടി എസ് ടൂർസ് ആൻഡ് ട്രാവെൽസ് & സ്പീഡ് പാർസൽ സർവീസും, ഫ്രഷ് എഗ്ഗ് സ്റ്റോഴ്സും നമ്മുടെ ഇടവകയിലെ അഭിമാനസ്ഥാപനങ്ങളാണെന്ന് സന്തോഷകരമാണ്. തിരുനാൾ സപ്ളിമെന്റിലേക്ക് പരസ്യം നൽകി സഹായിച്ച സ്ഥാപനങ്ങളും വ്യക്തികളും നന്ദിയും അഭിനന്ദനങ്ങളും അർഹിക്കുന്നു.

തിരുനാളിന് പൂർവ്വികരുടെ പേരിൽ പൊൻകുരിശെടുത്തവർ തിരുനാൾ പ്രദിക്ഷണത്തിന്റെ പൊലിമ വർദ്ധിപ്പിച്ചു. തിരുനാൾ ചമയപ്രദർശനം വേറിട്ട കാഴ്ചയായിരുന്നു. തിരുനാൾ നേർച്ചയുമായി രോഗികളുടെ അടുത്തുപോകാൻ സാധിച്ചത് വലിയ സംതൃപ്തി നൽകുന്ന അനുഭവമായിരുന്നു. നമുക്കൊരുമിച്ചു ദൈവത്തിന് നന്ദി പറയാം. മാർച്ച് പത്താം തിയതിയിലെ പൊതുയോഗം എല്ലാവരും പങ്കെടുക്കണം കേട്ടോ. ഓരോ കുടുംബത്തിൽ നിന്നും ഗൃഹനാഥനും ഗൃഹനാഥയും പങ്കെടുക്കണം. നമ്മുടെ പ്രധാന ചർച്ചാവിഷയം ദീർഘനാളത്തെ നമ്മുടെ ആഗ്രമായ ദേവാലയ പുനർ നിർമ്മാണമാണ്. എല്ലാവരും വരണം. നല്ല ആശയങ്ങൾ പങ്കുവക്കണം, നന്നായി ശ്രവിക്കണം, നന്നായി ചിന്തിക്കണം അങ്ങനെ വ്യക്തമായ ഒരു തീരുമാനത്തിലേക്ക് നമുക്കെത്തിച്ചേരണം. ഈ കാലഘട്ടത്തിൽ പ. ആത്മാവ് നമ്മെ നയിക്കട്ടെ. അതിനായ് നമ്മുടെ ഇടവകയിലെ ഓരോ വ്യക്തിയും എല്ലാ ദിവസവും ഒരു സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയും ഒരു നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയും ചൊല്ലണം. പ്രധാന നിയോഗങ്ങൾ: പ. ആത്മാവിന്റെ വഴി നടത്തൽ, തിരുരക്തത്തിന്റെ സംരക്ഷണം, ജ്ഞാനത്താൽ നിറയുന്നതിനു, സഹോദരങ്ങൾ തമ്മിൽ ഐക്യം നില നില്ക്കാൻ. ചരിത്രപ്രാധാന്യമുള്ള ഈ പൊതു യോഗത്തിൽ പങ്കെടുത്തു അടുത്ത തലമുറക്ക് വേണ്ടിയുള്ള തീരുമാനങ്ങളിൽ പങ്കാളികളാകുവാൻ എല്ലാവരെയും സ്നേഹപൂർവ്വം അച്ചൻ ക്ഷണിക്കുന്നു.

നമ്മുടെ ഇടവകയിലെ ഒരു കുടുംബത്തിന് വേണ്ടിയുള്ള ഭവന നിർമ്മാണം പൂർത്തിയായി വരുന്നു. ഇടവകയിൽ ചിലർ രോഗികളായുണ്ട് അവർക്കൊക്കെ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. യുവതിയുവാക്കൾ വിവാഹം കഴിക്കാൻ ഒരു നിര തന്നെയുണ്ട്. നമ്മുടെ പ്രാർത്ഥകളിൽ അവരെയൊക്കെ ഓർക്കാം.

പുതിയ കൊച്ചച്ചൻ ബിബൻ അച്ചൻ എത്തിച്ചേർന്നു. അച്ചന് ഹൃദയപൂർവ്വം സ്വാഗതം. ആറു മാസം കൂടെയായിരുന്ന കുഞ്ഞനുജൻ ജോസഫ് അച്ചനെ നന്ദിയോടെ ഓർക്കുന്നു.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.



# ഇന്ന്

ഫാ. ബിബിൻ വലിയനിരപ്പേൽ MCBS

ഓരോ പുതിയ ദിവസവും വിരിയുന്നത് സുന്ദരമായ സാധ്യതകളോടെയാണ്. സ്നേഹിക്കാൻ, സഹായിക്കാൻ, പ്രാർത്ഥി ക്കാൻ, പുതിയൊരു പാട്ടു കേൾക്കാൻ പുതിയ കാഴ്ചകൾ കാണുവാ നൊക്കെ ഒരു അവസരം കൂടി ലഭിച്ചുവെന്ന സന്തോഷത്തോടെ വേണം പുതിയ ദിനങ്ങളെ എതിരേൽക്കേണ്ടത് പരീക്ഷയുടെ തലേരാത്രി പാഠങ്ങൾ ഒന്നുകൂടി മറച്ചുനോക്കി തിടുക്കത്തിലതു പൂർത്തിയാക്കുന്ന വിദ്യാർത്ഥിയെപ്പോലെയാകണം നാം. ചെയ്തു തീർക്കാനുള്ളത് പൂർ ത്തിയാക്കാൻ കാര്യമായ സമയം ശേഷിക്കുന്നില്ലായെന്ന് മനസിലാക്കു ന്ന ഒരാൾ എത്ര തീക്ഷണതയോടെയാണ് അവയൊക്കെ ചെയ്യുന്നത്. “കുറച്ചു കഴിയട്ടെ, സമയമുണ്ടല്ലോ’ യെന്ന അലസഭാവം പിന്നീടതു പരിഹരിക്കാമെന്ന് ജീവിതത്തിന്റെ പല പ്രധാന കാര്യങ്ങളോടുമുള്ള അലംഭാവമാകും സ്നേഹ ബന്ധത്തിൽ ദൃഢപ്പെടാനും കലഹങ്ങളിൽ നിന്നും കരകയറാനും പുതിയൊരു കാര്യം ചെയ്യാനുമൊക്കെ ആലോചി ക്കുമ്പോൾ മനസ്സ് പിന്നോക്കം വലിക്കും നാളെയാകട്ടെ.

“ഓരോ ദിവസത്തിനും അതിന്റെ ക്ലേശം മതി” (മത്താ 6:34) വയലിലെ ലില്ലികളെയും ആകാശത്തു പറക്കുന്ന കിളികളേയും നോക്കി ഇന്നുകളിൽ ജീവിക്കാൻ ഈശോ ഓർമിപ്പിച്ചു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ അവൻ ആശ്വസിപ്പിക്കുന്നു. “ഞാനും നിന്നെ വിധിക്കുന്നില്ല. പൊയ്ക്കൊളുക ഇനിമേൽ പാപം ചെയ്യരുത്” (യോഹ 8:11) ഇന്നലെ വരെ നീ എങ്ങനെ ആയിരുന്നു എന്നല്ല, ഇപ്പോൾ മുതൽ

പുതിയ വഴിയേ നടക്കുകയെന്നതാണ് അവന്റെ നിർദ്ദേശം.

ജീവിത തിരക്കുകൾക്കിയിൽ ആദ്യം നഷ്ടപ്പെടുത്തുന്നത് വീടിനുള്ളിലെ സ്നേഹാഷ്മളമായ നിമിഷങ്ങളാണല്ലോ. തിരക്കു കൾ ഏറ്റവുമാദ്യം കവർന്നെടുക്കുന്നത് കുടുംബമൊരുമിച്ചിരിക്കുന്ന സമയമാണെന്നത് ശ്രദ്ധിക്കുക. ഒരിക്കലും നഷ്ടപ്പെട്ടുപോകില്ലെന്ന വ്യർത്ഥചിന്തിയിൽ ഏറ്റവുമാദ്യം മാറ്റിവെയ്ക്കുന്നതും ഏറ്റവുമവസാനം തിരിച്ചുവരുന്നതും ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങളിലേയ്ക്കാ വും. സ്നേഹം, കുടുംബം, മക്കളോടൊത്തുള്ള സമയം എന്നിവയെല്ലാം പല വിധതിരക്കുകളുടെ പേരിൽ മാറ്റി വക്കപ്പെടുന്നതാണല്ലോ. സ്വാത ന്ത്ര്യ മുപയോഗിക്കാൻ പ്രലോഭനത്തെ തോല്പിക്കാൻ, സ്നേഹി ക്കാൻ... നമുക്ക് അവശേഷിക്കുന്നത് ഈ ദിവസമാണ്. ഇന്നലെകളി ലേക്കു ചുരുങ്ങുകയും നാളേക്കുവേണ്ടി എപ്പോഴും തിരക്കിലാവുകയും ചെയ്യുന്നവർ ഇന്നിന്റെ സാധ്യതകളെ മനസ്സിലാക്കാത്തവരാണ്.

'ദൈവമേ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ" (സങ്കീ 51:10). കൊഴിഞ്ഞുപോയ ദിനങ്ങളുടെ തുടർച്ചയല്ല പുതുതായി തുടങ്ങാ നും നന്നായി ചെയ്യുനുമുള്ള സാധ്യതകളുടെ വാതിലാണ് ഓരോ പുതിയ ദിനവും. ബന്ധങ്ങളെ ബലപ്പെടുത്താൻ സൗഹൃദങ്ങളെ നവീകരിക്കാൻ, സ്നേഹത്തെ ആഴപ്പെടുത്താൻ, ദൈവത്തിലേക്ക് തിരിച്ചു നടക്കാൻ, 'പുതിയ ദിനം' എന്ന അനുഗ്രഹം ഇന്നലെയല്ല നാളെയുമല്ല, ഇന്നാണ് നിന്റെ ദിവസം .

# ഇടവക വാർത്തകൾ

**പ്രാർത്ഥനാശംസകൾ**

സീറോ മലബാർ സഭയുടെ തലവനും മേജർ ആർച്ച് ബിഷപ്പുമായി തിരഞ്ഞെടുത്ത അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് ഗാന്ധി പുരം ഇടവക സമൂഹത്തിന്റെ പ്രാർത്ഥനാശംസകൾ.

**യാത്രാ മംഗളങ്ങൾ**

കഴിഞ്ഞ ഒരു വർഷക്കാലം ഗാന്ധിപുരം ഇടവകയിൽ മഹനീയ സേവനം അനുഷ്ഠിച്ചു സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട ജോസഫ് ആര്യയപ്പള്ളിൽ MCBS അച്ചന് സ്നേഹോഷ്മളമായ യാത്രയയപ്പ് നല്കി. ഫെബ്രുവരി പതിനൊന്നാം തീയതി ഞായറാഴ്ച രണ്ടാമത്തെ ദിവ്യബലിക്കുശേഷം ഇടവക സമൂഹത്തം ആശംസകളും പ്രാർത്ഥന കളും നേർന്നു. ഇടവകയുടെ നിറസാന്നിധ്യമായി പ്രവർത്തിച്ച ബഹു മാനപ്പെട്ട കൊച്ചച്ചന് ഒത്തിരി സ്നേഹത്തോടെ ഹൃദ്യമായ നന്ദി. അച്ചന്റെ പുതിയ ശുശ്രൂഷ മേഖലകളിൽ ദൈവഹിതത്തിനനുസരിച്ച് ഊർജ്ജസ്ഥലതയോടെ പ്രവർത്തിക്കുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു ആശംസിക്കുന്നു....

**ഹൃദ്യമായ സ്വാഗതം**

നമ്മുടെ ഇടവകയിലേക്ക് പുതിയ കൊച്ചച്ചനായി കടന്നുവന്ന ഫാ. ബിബിൻ വലിയനിരപ്പേൽ MCBS ന് ഫെബ്രുവരി 15-ാം തീയതി സ്നേ ഹോഷ്മളമായ സ്വാഗതം നൽകി. അച്ചന്റെ പൗരോഹിത്യ ശുശ്രൂഷ ഇടവകക്കും, ദൈവജനത്തിനും ആത്മീയ പ്രചോദനം നൽകട്ടെ എന്ന് ആശംസിക്കുന്നു.

**വണക്കമാസം**

മാർച്ച് മാസം വി. യൗസേപ്പ് പിതാവിന്റെ വണക്കമാസം ആണല്ലോ. ഭവനങ്ങളിൽ വണക്കമാസം ചൊല്ലി തിരുക്കുടുംബമധ്യസ്ഥന്റെ അനുഗ്രഹം പ്രാപിക്കാം.

**പൊതുയോഗം**

മാർച്ച് പത്താം തീയതി ഇടവക പൊതുയോഗം ഉണ്ടായിരിക്കും. ഒരു

കുടുംബത്തിൽ നിന്ന് ഗൃഹനാഥ, ഗൃഹനാഥൻ, സംഘടനാ യൂണിറ്റ് ഭാരവാഹികൾ, സിസ്റ്റേഴ്സ്, കേന്ദ്ര സമിതി, പ്രതിനിധി യോഗാംഗങ്ങൾ, മത വിശ്വാസപരിശീലകർ, PTA ഭാരവാഹികൾ എന്നിവർ നിർബന്ധമായും സംബന്ധിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

അജണ്ട: ദേവാലയം പുനർനിർമ്മാണം.

**നാമഹേതുക തിരുനാൾ**

മാർച്ച് 19 തീയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന ബഹുമാന പ്പെട്ട വികാരിയച്ചനും, ഏപ്രിൽ 24-ാം തീയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന ബഹുമാനപ്പെട്ട കൊച്ചച്ചനും  ഇടവക സമൂഹത്തിന്റെ പ്രാർത്ഥനാശംസകൾ.

**വി. യൗസേപ്പിതാവിന്റെ തിരുനാൾ**

മാർച്ച് 19 തീയതി വിശുദ്ധ യൗസേപ്പിതാവിന്റെ മരണ തിരുനാൾ ആണ ല്ലോ. നമ്മുടെ ഇടവകയിൽ യൗസേപ്പിതാവിന്റെ തിരുന്നാൾ ആഘോഷ പൂർവ്വം പിതൃവേദിയുടെ നേതൃത്വത്തിൽ മാർച്ച് 17-ാം തീയതി ഭക്തി സാന്ദ്രമായി ഊട്ടു നേർച്ചയോടെ ആഘോഷിക്കുന്നു.

**വാർഷിക ധ്യാനം**

21/3/2024 മുതൽ 24/3/2024 വരെയുള്ള ദിവസങ്ങളിൽ വാർഷിക ധ്യാനം ഉണ്ടായിരിക്കും. 21, 22, 23 വൈകുന്നേരം അഞ്ചുമണിക്ക് വിശുദ്ധ കുർബാന, ആറുമണിമുതൽ ഒമ്പത് മണി വരെ വചന സന്ദേശം. 24  തീയതി രാവിലെ 6.15  വിശുദ്ധ കുർബാന, 8.15 വിശുദ്ധ കുർബാനയോടെ കൂടെ ഓശാന തിരുകർമ്മങ്ങളും തുടർന്ന് വചന സന്ദേശവും, ആരാധനയും, കൈവെപ്പു പ്രാർത്ഥനയും ഉണ്ടായിരിക്കും.

**മംഗളവാർത്ത തിരുനാൾ**

മാർച്ച് 25 തീയതി മംഗളവാർത്ത തിരുനാൾ. പരിശുദ്ധ അമ്മയോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം.

**വലിയ ആഴ്ച തിരുകർമ്മങ്ങൾ**

**പെസഹാ വ്യാഴം**

രാവിലെ 6 മണിക്ക് വിശുദ്ധ കുർബാന, കാൽ കഴുകൽ ശുശ്രൂഷ  (ഓരോ യൂണിറ്റിൽ നിന്നും ഓരോ വ്യക്തികൾ) വിശുദ്ധ കുർബാനയ്ക്കുശേഷം ആരാധന ആരംഭിക്കും. അന്നേദിവസം പരിശുദ്ധ കുർബാനയുടെയും,

പൗരോഹി ത്യത്തിന്റെയും സ്ഥാപക ദിനമാണ്. നമ്മുടെ വികാരിയച്ചനും, കൊച്ചച്ച നും വേണ്ടിയും, ഇടവകയിൽ സേവനം ചെയ്ത എല്ലാ വൈദി കർക്കും, മറ്റെല്ലാ വൈദികർക്കും പ്രാർത്ഥനയും ആശംസയും നേരാം. 'നിത്യ പുരോഹിതനായ ഈശോയെ അങ്ങേ ദാസരായ വൈദികർക്ക് യാതൊരു ആപത്തും വരാതെ അങ്ങയുടെ തിരുഹൃദയത്തിൽ അഭയം നൽകണമേ......'

**യൂണിറ്റുകളുടെ സംഘടനകളുടെയും ആരാധന സമയം**

7.45–8.45 am – പിതൃവേദി

8.45–9.45 am – സെന്റ് അൽഫോൻസ യൂണിറ്റ്

9.45–10.45 am – സെന്റ് തോമസ്, സെന്റ് ജോസഫ് യൂണിറ്റ്

10.45–11.45 am – സെന്റ് മരിയ വിയാനി, സെന്റ് മേരീസ് യൂണിറ്റ്

11.45–12.45 pm – സെന്റ് പീറ്റർ, സെന്റ് ഫ്രാൻസീസ് സേവ്യർ യൂണിറ്റ്

12.45–1.45 pm– മാതൃവേദി

1.45–2.45 pm – മേരി റാണി കോൺവെന്റ്

2.45–4.45 pm – സെന്റ് ജോർജ്, സെന്റ് പോൾ യൂണിറ്റ്

3.45–4.45 pm – സെന്റ് ആന്റണി, സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ്

4.45–5.45 pm – SMYM, Choir, സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

5.45–6.45 pm– Catechism, Altar Boys, CML, Holy Childhood

6.45–7.45 pm – Common Adoration

**ദുഃഖവെള്ളി**

7 am. പീഡാനുഭവ തിരുക്കർമ്മങ്ങൾ, പരിഹാരപ്രദക്ഷിണം, പീഡാനുഭവ വായന, പീഡാനുഭവസന്ദേശം. അന്നേ ദിവസം ഉപവാസ ദിനം ആയിരിക്കും.

**ദുഃഖ ശനി**

6.15 am വിശുദ്ധ കുർബാന, മാമ്മോദിസ വ്രതവാഗ്ദാന നവീകരണവും, പുതുവെള്ളം വെഞ്ചിരിപ്പും ഉണ്ടായിരിക്കുന്നതാണ്.

**ഉയിർപ്പുതിരുന്നാൾ**

ശനിയാഴ്ച (30/3/2024) രാത്രി 10.30 ഈസ്റ്റർ തിരുക്കർമ്മങ്ങൾ ആരംഭിക്കും. 31-ാം തീയതി രാവിലെ 6.15 വിശുദ്ധ കുർബാന ഉണ്ടായിരിക്കും. ഏവർക്കും ഉയിർപ്പ് തിരുനാളിന്റെ ആശംസകൾ..

**ദൈവ കരുണയുടെ തിരുനാൾ**

മാർച്ച് 29 ദുഃഖവെള്ളി മുതൽ ഏപ്രിൽ 7 പുതു ഞായർ വരെ ദൈവ കരുണയുടെ ദിവസങ്ങളാണ്. നൊവേനയും, കരുണയുടെ ജപമാല ചൊല്ലിയും ദൈവകാരുണ്യ നാഥന്റെ അനുഗ്രഹം നേടാം.

**സെൻറ് ജോർജ് ഡേ**

ഏപ്രിൽ 24-തീയതി സെന്റ് ജോർജിന്റെ തിരുനാൾ ആണ്. അന്നേദിവസം ജൂബിലി സ്മാരക കപ്പേളയിൽ നൊവേന ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ ഇടവകയിൽ ഇരുപത്തിയെട്ടാം തീയതി ഞായറാഴ്ച സെന്റ് ജോർജ് യൂണിറ്റ് അവരുടെ വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുന്നതാണ്.

**വിശ്വാസവർഷം**

രാമനാഥപുരം രൂപതയുടെ സുവിശേഷവൽക്കരണം - 2035 ഭാഗമായി രൂപതാതല വിശ്വാസ വർഷം ജനുവരി ഏഴാം തീയതി ഹോളി ട്രിനിറ്റി കത്തീഡ്രൽ ദേവാലയത്തിൽ നടന്നു. നമ്മുടെ ഇടവകയിൽ ജനുവരി പതിനാലാം തീയതി ഞായറാഴ്ച രണ്ടാമത്തെ വിശുദ്ധ കുർബായോടെ വിശ്വാസവർഷം ഉദ്ഘാടനം നടത്തപ്പെട്ടു.

**മാതൃവേദി പ്രാർത്ഥന യജ്ഞം**

ജനുവരി ഒന്നാം തീയതി പാതിര കുർബാനയ്ക്ക് ശേഷം മാതൃവേദി പ്രാർത്ഥന യജ്ഞത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കായി പ്രാർത്ഥനയും, ആശിർവാദവും ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ നടന്നു. ഇടവകയുടെ പ്രത്യേക നിയോഗത്തിനായി പ്രാർത്ഥിക്കാൻ കടന്നു വന്ന എല്ലാവരെയും സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന് ആശംസിച്ചു.

**കാർലോ 2023**

എസ്.എം.വൈ.എം സംഘടനയുടെ രൂപതാ തലത്തിൽ നടത്തപ്പെട്ട കാർലോ 2023 ൽ നമ്മുടെ എസ്.എം.വൈ.എം സംഘടന അവരുടെ മിന്നൽ പ്രകടനം കാഴ്ചവച്ച് രൂപതയിൽ 91 പോയിൻറ് നേടി ഒന്നാം

സ്ഥാനം കരസ്ഥമാക്കി. എല്ലാത്തരത്തിലും പ്രോത്സാഹനവും, പിന്തുണയും നൽകി അവരെ നയിച്ച വികാരിയച്ചനും, കൊച്ചച്ചനും, ആനിമേറ്റർ, ഭാരവാഹികൾക്കും, പങ്കെടുത്ത എല്ലാ മത്സരാർത്ഥികൾക്കും, അവരുടെ മാതാപിതാക്കൾക്കും ഇടവക സമൂഹത്തിന്റെ പേരിൽ നന്ദിയും, അഭിനന്ദനവും. രൂപതയിൽ ഗാന്ധിപുരം ഇടവകയുടെ യശസ്സ് ഉയർത്തിയ എല്ലാം എസ്.എം.വൈ.എം അംഗങ്ങൾക്കും നന്ദിയുടെ കൂപ്പുകൈ.

**സമ്മാനദാനം**

ജനുവരി 21 തീയതി രണ്ടാമത്തെ ദിവ്യബലിക്കുശേഷം മിഷൻ ഞായറിൽ കൂടുതൽ തുക ലേലം വിളിച്ച വ്യക്തി ശ്രീ. ആൽഫ്രഡ് തോമസിനും, കൂടുതൽ തുക വിളിച്ചെടുത്ത യൂണിറ്റായ സെന്റ് അൽഫോൻസാ യൂണിറ്റിനും, ക്രിബ് വണ്ടർലാ മത്സരത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം കരസ്ഥമാക്കിയവർക്കും, കൂടുതൽ പുൽക്കൂട് ഉണ്ടാക്കിയ യൂണിറ്റിനും, മാതൃവേദിയുടെ ഗോവ യാത്ര വിവരണ മത്സരത്തിൽ സമ്മാനം നേടിയ ശ്രീമതി ബേബി ഡേവിസിനും സമ്മാനങ്ങൾ നൽകി ആദരിച്ചു.

## Catechism - Service Award

വിശ്വാസ പരിശീലന വിഭാഗത്തിൽ 15 വർഷക്കാലം നിസ്തുല സേവനം കാഴ്ചവച്ച ശ്രീമതി . അനുജ വിൻസെന്റ് അഭിവന്ദ്യ മാർ. പോൾ ആലപ്പാട്ട് പിതാവിൽ നിന്നും ഉപഹാരം ഏറ്റുവാങ്ങി. വിശ്വാസപരിശീലന വിഭാഗത്തിന് നൽകുന്ന സേവനങ്ങൾക്ക് ദൈവം പ്രതിഫലം നൽകട്ടെ എന്നാശംസിക്കുന്നതോടൊപ്പം ഇടവക സമൂഹത്തിന്റെ നന്ദിയും, അഭിനന്ദനങ്ങളും.

## C.M.L Rally

2023 സി.എം.എൽ ദിനാഘോഷങ്ങളുടെ ഭാഗമായി ഇടവകയിൽ നടത്തപ്പെട്ട സി.എം.എൽ റാലിയിൽ ഗാന്ധിപുരം ഇടവകയിലെ അംഗങ്ങൾ രൂപതാ തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. സിഎംഎൽ അംഗങ്ങൾക്ക് നന്ദിയും അഭിനന്ദനങ്ങൾ.

**ഇടവകത്തിരുനാൾ നന്ദിയോടെ.....**

തിരുന്നാൾ ആത്മീയമായ ചൈതന്യത്തിൽ ദൈവകൃപയാൽ മനോഹരമായി നടന്നു. ജനുവരി 26 തീയതി ഫാ. സിജോ കുറ്റിക്കാട്ടിലിന്റെ നേതൃത്വത്തിൽ ഇടയന്മാരുടെയും, കൈകാരന്മാരുടെയും, കൺവീനർമാരുടെയും, ഇടവക ജനത്തിന്റെയും സാന്നിധ്യത്തിൽ ഭക്തിസാന്ദ്രമായി കൊടിയേറ്റം

നടന്നു. ദിവ്യബലി, നൊവേന, ലദീഞ്ഞ്, നേർച്ച തുടർന്നുള്ള ദിവസങ്ങളിൽ സംഘടന, യൂണിറ്റ് അടിസ്ഥാനത്തിൽ നടന്നു. ഇരുപത്തിയാറാം തീയതി കുർബാനയ്ക്കുശേഷം തിരുനാൾ സോവിനീയർ പ്രകാശനം ചെയ്തു. ഇടവക തിരുനാൾ മനോഹരമാക്കുന്നതിന് അക്ഷീണം പ്രയത്നിച്ച കൺവീനർ ശ്രീ. ജോഫി ജോസിനും, ജോയിന്റ് കൺവീനർ ശ്രീ. സുജൻ ബാബുവിനും അവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റി അംഗങ്ങൾളായി പ്രവർത്തിച്ചവർക്കും, കൈകാരന്മാർക്കും, അൾത്താര മനോഹരമായി അലങ്കരിച്ച സിസ്റ്റേഴ്സിനും, ഗായക സംഘത്തിനും, അൾത്താര സംഘത്തിനും, കപ്യാർമാർക്കും, മാതൃവേദിയുടെ പള്ളിയുടെ ഉള്ളിലെ അലങ്കാരത്തിനും, പള്ളിയുടെ പുറത്ത് എസ്.എം.വൈ.എം അംഗങ്ങളുടെ അലങ്കാരത്തിനും, സംഘടന, യൂണിറ്റ് ഭാരവാഹികൾക്കും, ഓരോ ദിവസത്തെ തിരുനാൾ കുർബാനയ്ക്ക് കാർമ്മികരായി വന്ന വൈദികർക്കും, 28 തീയതി എയ്ഞ്ചൽ വിങ്സ് ക്വയറിന്റെ നേതൃത്വത്തിൽ നടന്ന മ്യൂസിക് ഫ്യൂഷനും, ഫെബ്രുവരി രണ്ടാം തീയതി ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മം നിർവഹിച്ച ബഹുമാനപ്പെട്ട ഫാ. ടോമി പുന്നത്താനത്തിനും, ശനിയാഴ്ച രാവിലെ വിശുദ്ധ കുർബാനയ്ക്കും, തിരുസ്വരൂപങ്ങൾ പന്തലിലേക്ക് എഴുന്നള്ളിക്കുന്നതിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട ഫാ. മോൺ. ജോസഫ് ആലപ്പാടനും, അന്നേദിനം തിരുന്നാൾ ചമയപ്രദർശനം മനോഹരമായി അണിയിച്ച് ഒരുക്കിയവർക്കും, തിരുനാൾ ദിനത്തിൽ ആഘോഷമായ കുർബാനയ്ക്ക് പ്രധാന കാർമികനായ തൃശ്ശൂർ അതിരൂപത വികാരി ജനറൽ ഫാ. മോൺ. ജോസ് കോനിക്കരക്കും, സഹകാർമികർക്കും, ആത്മീയമായ ഉണർവ് നൽകി വിശ്വാസപ്രഘോഷണ പ്രദക്ഷിണത്തിൽ സ്വർണ്ണ കുരിശ് ഏറ്റെടുത്ത കുടുംബാംഗങ്ങൾക്കും, യൂത്ത്, വിശ്വാസപരിശീലന വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്കും, പങ്കെടുത്ത എല്ലാ യൂണിറ്റ് അംഗങ്ങൾക്കും, ബന്ധുമിത്രാദികൾക്കും, സഹോദര ഇടവക ജനത്തിനും, തേര് ഒരുക്കുന്നതിന് നേതൃത്വം കൊടുത്തവർക്കും, കൃത്യനിഷ്ഠതയോടെ എല്ലാ കാര്യങ്ങളും ഭംഗിയാക്കിയ ഇടവക സമൂഹത്തിനും, നമ്മുടെ ക്ഷണം സ്വീകരിച്ച് വന്ന വൈദികർക്കും, സിസ്റ്റേഴ്സിനും, ഫെബ്രുവരി പതിനൊന്നാം തീയതി എട്ടാമിടത്തോടനുബന്ധിച്ച് ലൂർദ് ക്രിയേഷൻ അവതരിപ്പിച്ച നാടകം ‘സ്നേഹസിന്ദൂരം’ അവതരിപ്പിച്ച് ഒരുക്കിയ വർക്കും, സാമ്പത്തികമായും, ശാരീരികമായും, ആത്മീയമായും, അധ്വാനിച്ചവർക്കും ഒത്തിരി

സ്നേഹത്തോടെ നന്ദി.... അങ്ങനെ കൂട്ടായ്മയുടെ സാക്ഷ്യം ആയിരുന്നു തിരുനാൾ. ഏവർക്കും വേണ്ടി പരിശുദ്ധ അമ്മയും, വി. സെബസ്ത്യാനോസ് മാധ്യസ്ഥം വഹിക്കട്ടെ.

**സ്നേഹസ്പർശനം**

ഫെബ്രുവരി മൂന്നാം തീയതി തിരുന്നാൾ തലേദിനത്തിൽ ഇടവകയിലെ കിടപ്പുരോഗികൾക്ക് തിരുനാൾ മംഗളങ്ങൾ നേരുന്നതിനും, സുഖ വിവര ങ്ങൾ അന്വേഷിക്കുന്നതിനും, പ്രാർത്ഥിക്കുന്നതിനും ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ കൈക്കാരന്മാരും, കൺവീനറും ഓരോ ഭവനങ്ങളിലും സന്ദർശിച്ചു. ഈ സന്ദർശനം രോഗാവസ്ഥയിൽ ആയിരി ക്കുന്നവർക്ക് വലിയ ആശ്വാസമായിരുന്നു.

**സ്നേഹസിന്ദൂരം**

ലൂർദ് ക്രിയേഷൻ ഗാന്ധിപുരം അവതരിപ്പിച്ച നാടകം 'സ്നേഹസിന്ദൂരം 'അതിന് ചുക്കാൻ പിടിച്ച ശ്രീ. ഷാജു ഇ.ഇ ക്കും, ബഹുമാനപ്പെട്ട വികാരി യച്ചനും, അതിമനോഹരമായി അണിയറയിലും, അരങ്ങിലും പ്രവർത്തിച്ച നമ്മുടെ ഇടവകയിലെ എല്ലാ കലാകാരന്മാർക്കും, കലാകാരികൾക്കും, ഇതിന് എല്ലാ പിന്തുണയും നൽകിയ ബഹുമാനപ്പെട്ട ജോസഫ് MCBS അച്ചനും, നാടകം വൻ വിജയമാക്കിയ ഇടവക സമൂഹത്തിനും, സ്പോൺ സർമാർക്കും നന്ദിയും, അഭിനന്ദനങ്ങളും .

**ദേവാലയ ക്ലീനിങ്**

ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ദേവാലയം വൃത്തിയാക്കുന്നതിന് നേതൃത്വം കൊടുത്ത സെന്റ് സെബാസ്റ്റ്യൻ, സെന്റ് ജോസഫ് യൂണിറ്റ് അംഗങ്ങൾക്കും, ഭാരവാഹികൾക്കും നന്ദി. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സെന്റ് അൽഫോൻസാ, സെന്റ് പീറ്റർ യൂണിറ്റ് അംഗങ്ങളാണ് നേതൃത്വം കൊടുക്കേണ്ടത്.

**ആദരാഞ്ജലികൾ**

ഗാന്ധിപുരം ഇടവകയിൽ സേവനം ചെയ്ത വൈദികരത്നം റവ. ഫാ. സെബാസ്റ്റ്യൻ തുരുത്തേൽ MST ഫെബ്രുവരി എട്ടാം തീയതി ദൈവസന്നി ധിയിലേക്ക് യാത്രയായി. ആ പുണ്യ വൈദിക ശ്രേഷ്ഠന് ഗാന്ധിപുരം ഇടവകയുടെ ആദരാഞ്ജലികൾ.

**പരീക്ഷ ഒരുക്ക പ്രാർത്ഥന**

ഫെബ്രുവരി 18 തീയതി രണ്ടാമത്തെ വിശുദ്ധബലിക്ക് ശേഷം ശേഷം

10,11,12 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി പ്രത്യേകം ആരാധനയും, പ്രാർത്ഥനയും, പരീക്ഷയ്ക്ക് ആവശ്യമായ വസ്തുക്കൾ വെഞ്ചിരിച്ചു നൽകുകയും ചെയ്തു. പന്ത്രണ്ടാം ക്ലാസിൽ വിശ്വാസ പരിശീലനം പൂർത്തിയാക്കിയ കുട്ടികൾക്ക് ആശംസകളും, അനുമോദനങ്ങളും, ഉപഹാരവും നൽകി ആദരിച്ചു. എല്ലാ മക്കളെക്കും പരീക്ഷയിൽ ഉന്നത വിജയം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**തിരുബാലസഖ്യ ദിനം**

ഫെബ്രുവരി പതിനെട്ടാം തീയതി വിശുദ്ധബലിക്കും, കാഴ്ച സമർപ്പണ വും, ലേഖന വായനയും കുഞ്ഞുമക്കൾ നേതൃത്വം നൽകുകയും, അതിനു ശേഷം കലാപരിപാടികളും, സമ്മാനദാനവും നടത്തുകയും ചെയ്തു. ഇത് മനോഹരമാക്കാൻ പ്രോത്സാഹനം നൽകിയ വിശ്വാസപരിശീലന പ്രധാന അധ്യാപികക്കും, ആനിമേറ്ററിനും, വിശ്വാസപരിശിലീകർക്കും കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും നന്ദിയും, അഭിനന്ദനങ്ങൾ.

**ദിവ്യകാരുണ്യ സന്നിധിയിൽ ആരാധിച്ചിരുന്നവർ**

നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ ദിവ്യകാരുണ്യ സന്നിധിയിൽ സെന്റ് ജോസഫ്, സെന്റ് പോൾസ്, സെന്റ് അൽഫോൻസാ, സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ് അംഗങ്ങളാണ് തിരുസന്നിധിയിൽ ഓരോ കുടുംബത്തിനും നൽകിയ ദിവസത്തിൽ കുടുംബം ഒന്നിച്ച് വിശുദ്ധ കുർബാനയ്ക്കും, ആരാധനയിലും സമയം ചെലവഴിച്ച് ഇടവകയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന് കാണിച്ച നല്ല മനസ്സിന് ദൈവം അനുഗ്രഹിക്കട്ടെ. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ യൂണിറ്റ് അംഗങ്ങൾ നേതൃത്വം കൊടുക്കേണ്ടത്.

**കുടുംബ സമ്മേളനങ്ങൾ**

**03/03/24** 4-5 pm സെന്റ് ജോർജ് യൂണിറ്റ്

4-5 pm സെന്റ് ആന്റണി യൂണിറ്റ്, 5.30-6.30 pm സെന്റ് ഫ്രാൻസിസ് സേവിയർ യൂണിറ്റ്

10/03/24 4-5 pm സെന്റ് അൽഫോൻസാ യൂണിറ്റ്

4-5 pm സെന്റ് ജോസഫ് യൂണിറ്റ്, 5.30 -6.30 pm സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ്

**07/04/24** 4–5 pm സെന്റ് പോൾസ് യൂണിറ്റ്

4–5 pm സെന്റ് തോമസ് യൂണിറ്റ്, 5.30 – 6.30 pm സെന്റ് മേരിസ് യൂണിറ്റ്

**14/04/24** 4–5 pm സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

4–5 pm സെന്റ് പീറ്റർ യൂണിറ്റ്, 5.30 – 6.30 pm സെന്റ് ജോൺ മരിയ വിയാനി യൂണിറ്റ്

**ഞങ്ങൾ വരവായി.....**

കിടങ്ങൻ ജോമോൻ + സിംസി ദമ്പതികളുടെ മകൻ Hayden Joemon (Simon) 06/01/24 പ്രവേശന കൂദാശ സ്വീകരിച്ചു.

**വിവാഹിതരായി**

1. ഗാന്ധിപുരം ഇടവക എടക്കളത്തൂർ ജേക്കബ് ജാമി + മേഴ്സി ജാമി ദമ്പതികളുടെ മകൾ ജിംസിയും ട്രിച്ചി ഇടവക ചിറ്റിലപ്പിള്ളി ആന്റണി ജയദാസ് + മേരി ദമ്പതികളുടെ മകൻ ജോർജും 06/1/01/24 ന് വിവാഹിതരായി.

2. ഈ ഇടവക തത്രത്തിൽ പൊൻമാണി ജോസ് + ഡൻസി ദമ്പതികളുടെ മകൾ അൽഫിനയും കല്യാൺ രൂപത തേർമഡം തോമസ് + അൽഫോൻസാ ദമ്പതികളുടെ മകൻ സിബിനും 14/01/24 ന് വിവാഹിതരായി.

3. ഗാന്ധിപുരം ഇടവക കുടിലിങ്കൽ റാഫേൽ + ഓമന ദമ്പതികളുടെ മകൾ ഷെറിനും അങ്കമാലി എറണാകുളം അതിരൂപത കണ്ടത്തു പറമ്പിൽ ജോൺസൺ + മേരി ദമ്പതികളുടെ മകൻ മെറിൻഡോയും 22/01/24 ന് വിവാഹിതരായി.

4. ഗാന്ധിപുരം ഇടവക തഞ്ചപ്പൻ ജിജു ഫ്രാൻസിസ് + മിനി ദമ്പതികളുടെ മകൻ അക്ഷയും ഇടുക്കി രൂപത അടുകുഴിൽ ജോയ് + മേരി ദമ്പതികളുടെ മകൾ ക്രിസ്റ്റിയും 10/02/24 ന് വിവാഹിതരായി.

**നിത്യതയിലേക്ക്**

1. സെന്റ് പോൾസ് യൂണിറ്റ് ഞാറക്കൽ റോസി കെ.വി (84)13/02/24 ന് കർത്താവിൽ നിദ്ര പ്രാപിച്ചു.

2. സെന്റ് പോൾസ് യൂണിറ്റ് കോടൻകണ്ടത് സുശീല ഫ്രാൻസിസ് (82) 15/02/24 ന് കർത്താവിൽ നിദ്ര പ്രാപിച്ചു.

3. സെൻറ് പോൾസ് യൂണിറ്റ് പള്ളിപ്പാട്ട് ബെനഡിറ്റ് പി.ഡി (83) 23/02/24 ന് കർത്താവിൽ നിദ്ര പ്രാപിച്ചു.

4. സെന്റ് ജോസഫ് യൂണിറ്റ് കണ്ണനായ്ക്കൽ വർഗ്ഗീസ് കെ.എം. (79) 28/02/2024 ന് കർത്താവിൽ നിദ്ര പ്രാപിച്ചു.

# സംഘടനാവാർത്തകൾ

## പിതൃവേദി

**മാസാദ്യബുധനാഴ്ചകളിലെ പ്രാർത്ഥനാകൂട്ടായ്മയും സ്നേഹവിരുന്നും**

പിതൃവേദി അംഗങ്ങൾക്കായുള്ള പ്രത്യേക പ്രാർത്ഥന എല്ലാ മാസാദ്യ ബുധാനാഴ്ചകളിലും ആരാധനാലയത്തിൽ വെച്ച് വൈകുന്നേരം 8 മണി മുതൽ 9 മണി വരെ നടത്തപ്പെടുന്നു. ബഹു. വൈദികർ നയിക്കപ്പെടുന്ന ഈ പ്രാർത്ഥനായോഗം പലർക്കും പല അനുഗ്രഹങ്ങൾക്കും പ്രാർത്ഥനാനിയേഗ പൂർത്തികരണങ്ങൾക്കും കാരണമായിട്ടുണ്ട്. നമ്മുടെ ഇടവകയിലെ എല്ലാ അപ്പന്മാരും ഇനിവരുന്ന പ്രാർത്ഥന കൂട്ടായ്മകളിൽ പങ്കെടുക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. പ്രാർത്ഥനക്കുശേഷം സ്നേഹവിരുന്ന് ഉണ്ടായിരിക്കുന്നതാണ്.

മാസാദ്യബുധനാഴ്ചകളിൽ പ്രാർത്ഥനയ്ക്ക് ശേഷം നടത്തുന്ന സ്നേഹവിരുന്ന് സ്വമനസ്സാലെ ഓരോരുത്തരും ഏറ്റെടുത്ത് നടത്തുന്നതാണ്. ആർക്കെങ്കിലും അപ്രകാരം അന്നേദിവസത്തെ സ്നേഹവിരുന്ന് സ്പോൺസർ ചെയ്യാൻ താത്പര്യമുണ്ടെങ്കിൽ അച്ചന്മാരെയോ, പിതൃവേദി ഭാരവാഹികളയോ അറിയിക്കാവുന്നതാണ്.

**പിതൃവേദി മെമ്പർഷിപ്പ് ഇടവകയിലെ എല്ലാ അപ്പന്മാർക്ക്**

നമ്മുടെ ഇടവകയിലെ എല്ലാ അപ്പന്മാരും പിതൃവേദി സംഘടനയിലെ അംഗങ്ങളാണെന്നും എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പിതൃവേദി ജനറൽ ബോഡി മീറ്റിംഗിൽ എല്ലാവരും പങ്കെടുക്കണമെന്നും ഇടവകയിലെ എല്ലാ പിതൃവേദി അംഗങ്ങളോടും സ്നേഹപൂർവ്വം അറിയിക്കുന്നു.

**നന്ദിയുടെ ഒരുവാക്ക്**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് നടന്ന നോമ്പ് വീടൽ കർമ്മത്തിനും ഇറച്ചിവില്പനയ്ക്കും നേതൃത്വം നല്കിയ എല്ലാ പിതൃവേദി അംഗങ്ങൾക്കും കൈക്കാരന്മാർക്കും സംഘടനയുടെ പേരിലുള്ള നന്ദി ഹൃദയപൂർവ്വം അറിയിക്കുന്നു. ഞങ്ങളെ വഴി നടത്തിയ ബഹു. വികാരിയച്ചനും കൊച്ചച്ചനും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി പറഞ്ഞുകൊള്ളുന്നു.

**ഊട്ട് നേർച്ച**

വി. യൗസേപിതാവിന്റെ ആദരണാർത്ഥം ആഗോള കത്തോലിക്ക സഭ ആഘോഷിക്കുന്ന വിശുദ്ധന്റെ തിരുനാൾ ഇടവക പിതൃവേദിയുടെ നേതൃത്വത്തിൽ ഈ മാസം 17-ാം തിയതി നമ്മുടെ ഇടവകയിൽ പിതൃവേദി സംഘടനയുടെ മധ്യസ്ഥനായ വി. യൗസേപിതാവിന്റെ ഈ തിരുനാളിൽ മനുഷ്യവംശത്തിന്റ വീണ്ടെടുപ്പ് പ്രക്രിയയിൽ വിശുദ്ധനുള്ള

പങ്കിനെപ്പറ്റി നാം അനുസ്മരിക്കുന്നു.

അന്നേദിവസം പിതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ആഘോഷപൂർവ്വമായ വി. കുർബാനയ്ക്ക്ശേഷം ഇടവകയിലെ എല്ലാ അംഗങ്ങൾക്കുമായി ഒരുക്കുന്ന ഊട്ട് നേർച്ച ഉണ്ടായിരിക്കുന്നതാണ്. ആഘോഷപൂർവ്വമായ വി. കുർബാനയിലും ഊട്ട് നേർച്ചയിലും ഇടവക യിലെ എല്ലാ കുടുംബങ്ങളെയും യേശുനാമത്തിൽ സ്വാഗതം ചെയ്യുന്നു. ഊട്ട്നേർച്ചക്കായി പിതൃവേദിയുടെ നേതൃത്വത്തിൽ ബഹു. വികാരിയ ച്ചന്റെ നിർദ്ദേശപ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി യുടെ കൺവീനറായി ശ്രീ തോമസ് പ്രഭു മേനാച്ചേരിയെ തിരഞ്ഞെടു ക്കുകയും ചെയ്തു. കമ്മിറ്റിയുടെ ജോയിന്റ് കൺവീനറായി ശ്രീ. സി.എ ജോസ്, ശ്രീ. കെ.സി. ആന്റണി, ശ്രീ. സ്റ്റാൻലി ജോസഫ്, ശ്രീ. ഫെഡറിക് ജോസഫ്, ശ്രീ. ബാബു ആന്റണി എന്നിവരെയും തിരഞ്ഞെ ടുത്തു.

ഊട്ട് നേർച്ചക്കായി സംഭാവനകൾ തരുവാൻ ആഗ്രഹിക്കുന്നവർ ബഹു. വികാരിയച്ചന്റെയോ, ശ്രീ. തോമസ് പ്രഭുവിന്റെയോ, പിതൃവേദി ഭാരവാ ഹികളുടെയോ പക്കൽ ഏല്പ്പിക്കേണ്ടതാണ്. ഞായറാഴ്ചകളിലെ എല്ലാ വി. കുർബാനയ്ക്കുശേഷം പള്ളിയുടെ മുൻവശത്ത് പ്രവർത്തി ക്കുന്ന പ്രത്യേക കൗണ്ടറിൽ നിങ്ങളുടെ നേർച്ചപണം സ്വീകരിക്കുന്ന തായിരിക്കും. എല്ലാ ഇടവകക്കാരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**മാതൃവേദി**

**തിരുനാൾ അലങ്കാരം:** തിരുനാളിനോടനുബന്ധിച്ച് ദേവാലയത്തിലെ പൂക്കൾ അലങ്കരിക്കുവാൻ വന്ന എല്ലാ അമ്മമാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു. അതോടൊപ്പം ദേവാലയവും പരിസരവും വൃത്തിയാക്കുവാൻ കടന്നുവന്ന എല്ലാ അമ്മമാരെയും നന്ദിയോടെ ഓർക്കുന്നു.

**തിരുനാൾ നേർച്ച:** നേർച്ച പന്തലിലേക്ക് ഉണ്ണിയപ്പം ഉണ്ടാക്കി തന്ന എല്ലാ അമ്മ മാർക്കും നന്ദി അറിയിക്കുന്നു. 3500 ഉണ്ണിയപ്പം നേർച്ച പന്തലിലേക്ക് കൊടുക്കുവാൻ സാധിച്ചു.

നേർച്ച പന്തലിൽ സഹായിച്ചവർക്കും, എല്ലാ എക്സിക്യൂട്ടിവ് അംഗങ്ങൾക്കും നന്ദി പറയുന്നു.

**വചന എഴുത്തു മത്സരം:** ഇടവകാതലത്തിൽ നടന്ന വചന എഴുത്തു മത്സരത്തിൽ ൗൃ ആമയ്യ ഉമ്ശെ ഒന്നാം സ്ഥാനവും, ൗൃ റൃലമൈ ൗീര്യ രണ്ടാം സ്ഥാനവും, Mrs. Philo Prabhu മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഗോവ യാത്ര വിവരണമത്സരത്തിൽ Mrs. Baby Davis സമ്മാനം കർസ്ഥ മാക്കി. എല്ലാവർക്കും അഭിനന്ദനങ്ങൾ.

# Chat GPT Encounters the Catechism of the Catholic Church



Christo Jacob

Creativity, often described as the ability to come up with new and valuable ideas, is indeed a God given gift that distinguishes humans from other species.
One of the key aspects of creativity is its application in solving problems. For example, in the age of today's technology, such creative people have brought advancements in space exploration, renewable energy, and, artificial intelligence among countless other fields.
After the arrival of Artificial Intelligence (AI), it has revolutionized various aspects of human life, and the introduction of ChatGPT exemplifies this transformative power. By feeding in vast amounts of text data, ChatGPT is capable of understanding context, generating human-like responses, and providing valuable assistance across diverse domains.
Indeed, every technology brings both advantages and disadvantages, and it's important to consider these aspects when evaluating their impact on society. The moral responsibility of AI is a complex and evolving issue that covers various ethical scenarios regarding the development, deployment, and impact of artificial intelligence systems.
Pope Francis has also spoken about the importance of addressing issues of social justice and inequality in the context of technological advancement. In his World Day of Communications message, he has highlighted the need for technology to be used in ways that promote solidarity, inclusivity, and the dignity of all people.
In his encyclical "Laudato Si'," released in 2015, Pope Francis discusses the ethical challenges of technological advancements and their impact on the environment and human dignity. While not specifically mentioning on AI,

the encyclical addresses the importance of responsible usage of technology and the need to ensure that it serves the common good and respects human dignity and the environment.

Using AI to understand Catholic teachings represents a convergence of tradition and innovation, using technology to make timeless religious wisdom more accessible, engaging, and relevant to the digital generation.

Youngsters using AI to understand Catholic teachings marks an innovative approach to engaging with traditional religious education in the digital age.

Catholic.Chat, an interactive platform that allows users to engage with the Catechism in a natural, conversational format. Catholic.chat is surprisingly user-friendly. Its landing page simply invites the user to: “Get Answers from the Catechism of the Catholic Church.” Then the user is told to: “Select a chat experience below and ask your question.” After that, there are three levels of engagement to choose from:

“Child: Simple and easy to understand teaching”;

“Adult: Thoughtful answers for inquiring minds”;

“Scholar: All the details. No stone left unturned.”

Yes, AI can even make learning about Catholicism more engaging and accessible for tech-savvy youths. AI is definitely not a replacement for the Holy Spirit, however, it’s just an impressive tool to understand and learn about their faith, making Catholic teachings more accessible, interactive, and relevant to the digital generation.

Catholic. Café and Magestrium ai are some AI platforms where you can explore and delve deeper in your journey of faith and enables the individuals to pose questions on various topics and clarifies doubts. It helps gain deeper biblical understanding and adds a dynamic element to study sessions and devotional time.

In conclusion, let's use technology not just for entertainment and education but embrace its potential to deepen our faith.

## NEW YEAR CELEBRATION





## PINDI PERUNAL 05.01.2024







## CARLOS FEST OVERALL CHAMPIONSHIP 15.01.2024



# MISSION SUNDAY AUCTION TOPPERS








# YEAR OF FAITH INAUGURATION DT 14.01.2024






# CRIB COMPETITION WINNERS





## Vicar and the officials visited the sick people of our parish and conveyed perunal greetings



# PERUNAL FLAG LOWERING AND FAITH YEAR FLAG HOISTING DT 11.02.2024





# INSTALLATION & BLESSINGS OF STATUES AND AMBU DT 03.02.2024







# 55TH ST SEBASTIAN'S FEAST DT 04.02.2024







# THIRUNNAL CHAMAYAM







## Live Music Band Concert By Biju Mallari, Rajesh Cherthala & Team Dt 28.01.2024


















# OPPIES PRAYER FOR OUR ANCESTORS DT 05.02.2024










## LOURDE CREATION'S 3RD STAGE SHOW SNEHA SINDOORAM DT 11.02.2024








# SENDOFF SOME GOODBYES ARE GOOD FOR GROWTH








## A GRAND WELCOME FOR OUR NEW ASST PRIEST BY OUR TRUSTEES DT 18.02.24














# HOLY CHILDHOOD DAY DT 18.02.2024














## BID FAREWELL PARTY FOR PLUS TWO STUDENTS DT 18.02.2024









# SPECIAL PRAYERS AND BLESSINGS FOR OUR 10TH,+1 & +2 STUDENTS DT 18.02.2024





## 22 X'MAS COUPON PRIZES










Shaju A George
Director - Business Development
Mob: +91 9003364414

ALERT SECURITY MART

179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800
E-Mail: shaju@alertsecuritymart.com web: alertsecuritymart.com

Godrej | CP PLUS Intelligent Security Systems | alhua TECHNOLOGY | HIKVISION | Ravel Reliability at reach | DSC | SIEMENS | ERREKA | Honeywell

CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION

# CATECHISM DAY AT PASTROL CENTRE 26.01.2024













15 INCREDIBLE YEARS OF SERVICE
MRS ANUJA VINCENT

## CML RALLY WE WON SECOND PLACE





## Mathruvedhi Poondi Yathra 25-2-2024



**സീറോ മലബാർ സഭയുടെ തലവനും
പിതാവുമായി തിരഞ്ഞെടുക്കപ്പെട്ട
മേജർ ആർച്ച് ബിഷപ്പ്
മാർ റാഫേൽ തട്ടിൽ പിതാവിന്
ഗാന്ധിപുരം ഇടവകയുടെ
പേരിൽപ്രാർത്ഥനാശംസകൾ നേരുന്നു**



മാർച്ച് 19–ാം തിയതി
നാമേഹതുക തിരുനാൾ
ആഘോഷിക്കുന്ന
ബഹു. ഷാജൻ ചീരമ്പൻ
അച്ചന്
ഗാന്ധിപുരം ഇടവകയുടെ
പ്രാർത്ഥനാശംസകൾ



കഴിഞ്ഞ ഒരുവർഷകാലം ഞങ്ങളിൽ ഒരാളായി
ഞങ്ങളോടൊപ്പമായിരുന്ന ഞങ്ങളുടെ കൊച്ചച്ചൻ
ഫാ. ജോസഫ് ആര്യപ്പള്ളിൽ MCBS ന്
നന്ദിയും പുതിയ ശുശ്രൂഷ മേഖലയിൽ
എല്ലാവിധഭാവുകങ്ങളും നേരുന്നു.

നമ്മുടെ ഇടവകയിൽ പുതിയ കൊച്ചച്ചനായി
കടന്നുവന്നിരിക്കുന്ന
ഫാ. ബിബിൻ വലിയാനിരപ്പേൽ MCBS ന്
ഗാന്ധിപുരം ഇടവകയിലേക്ക് സ്വാഗതവും
നാമഹേതുക തിരുനാൾ ആശംസകളും
(ഏപ്രിൽ 24) നേരുന്നു.






NITYARA

Celebration Diamond Jewellery

*by*

JOS ALUKKAS

A TRADITION OF FINE JEWELLERY

COIMBATORE: 100 FEET ROAD. PH: 0422-2491916



# LITTLE NEST BUILDERS

*LET THE DREAMS BE YOUR WINGS*

## OUR SERVICES

- 2D & 3D PLANING
- CONSTRUCTION
- INTERIOR WORKS
- LANDSCAPING







**BUILDING CONSTRUCTION COST START FROM ₹1950/SQFT**

TANIYA PAULY

littlenestbuilders@gmail.com

COIMBATORE AND PALAKKAD

**CONTACT**

+91 8220093181

+91 9500500981

# Eden Boutique

*We make your big day more beautiful...*








Specialist on all kinds of bridal bouquets,
Welcome bouquets, Net and satin garlands,
Holy communion candles ,tiara ,veil and pocket broches,
Baptism sets, bride's Maids/flower girls bouquets and wreaths.








Owner : Sowmya
Whatsapp/call for orders
9994448097

BHAARATH™

Lion D. JOHNSON., ITES (DIP)
Cell : 98430 - 18011
Shop : 95853 - 33778

# BHAARATH ELECTRICAL INDUSTRY

78, New Scheme Road, P.N. Palayam,
Coimbatore - 641 037










# Dr. Manasa's Dental Care

Tooth Extraction
Tooth Cleaning
Root Canal Treatment
Complete Denture
Braces Treatment
Implant Placement
Wisdom Tooth Removal
Fixed Tooth Placement
Gum Treatment

84, Matha Illam,
Thirunavkarsu Street,
Rathinapuri,
Coimbatore - 641 027

+91 81909 02024

drmanasadentalcare@gmail.com

Consulting time
10.00 am to 9.00 pm
Sunday Holiday



Managing director
G. Yesudas

Director
Denin Antony yesudas





# 1st Death Anniversary

**18th April 2024**



# Sali Kuriappan

**Peramangalath house**

**W/o late P.L Kuriappan**

**Birth : 16.10.1947** **Death : 18.04.2023**

*Sorrowing Family members*

**P.K Henson** **Julie Henson**
**P.K Hinson** **Smitha Hinson**
**Antony Antrin, Ann Maria, Eza Maria**
**and other Family members**
**Ph: 9442629152, 9843079152**



# 11–ാം ചരമ വാർഷികം

# റോസിലി പൗലോസ്

**ചക്കാലക്കൽ**

**സെന്റ് പീറ്റേഴ്സ് യൂണിറ്റ്**

**ജനനം : 15.05.1947** **മരണം : 19.04.2013**

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി;
വിശ്വാസം കാത്തു. എനിക്കായി നീതിയുടെ
കിരീടം ഒരുക്കിയിരിക്കുന്നു." (2 തിമോ.4:7–8)

**ദുഃഖാർത്തരായ കുടുംബാംഗങ്ങൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ**

# 6th Death Anniversary

**16.03.2024**



**Born : 23.08.1942** **Died : 16.03.2018**

"ഞാൻ നിങ്ങളിൽ നിന്നു അകന്നുപോയെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടി
ഉണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം
ഒരുമിക്കുന്നതുവരെ നിങ്ങൾ എനിക്കുവേണ്ടി
പ്രാർത്ഥിക്കണമെ."



## Mrs. Cicily Gomez

Oliparambil House
Sanganur, Coimbatore- 27

*By Loving*
*Oliparambil Family*



# 8h Death Anniversary

"We believe that Jesus died and rose
again, and so we believe
that God will bring with Jesus those
who have fallen asleep in him"
(1 Thessalonians 4:14)



## Mary Antony

**Porathur Pallikunnath**

**Born : 31.03.1930**
**Died : 09.03.2016**

*Sorrowing Family members*

*Away, But Still With Us!*







**MARIAMMA CHACKO**
**01.03.2019**

**P.C. JOSEPH**
**19.04.1985**

**Vadakathotil House**

## *Sorrowing Family Members*

Jose Cottage, 609 Six Corner, Tatabad Coimbatore - 12

---

# *Heartfelt tribute on 2nd Death Anniversary*

I am the resurrection and the life. Those who believe in me, even though they die, will live Jn 11:25





# Jessy Xavier

**W/O Mr. K.J. Xavier**
**Kollerikal House**

**Born: 15.10.1956 Demise: 01.03.2022**

*You left us beautiful memories Your love is still our guidethough we cannot see you You're always by our side*

**A tribute of love from your loving**

**Xavier K.J**
**Jibin- Jesty, Subin -Tintu**
**Grand Children's - Jenita, Jarron, Sinon, Cyril**

*"He heals the brokenhearted and binds up their wounds"*
*(Psalm 147:3)*

# 40th Day of Remembrance





# ROSY JOSEPH

## Njanakkal House

**Birth: 10.06.1939 Death: 13.02.2024**

*With a lot of Love & Good memories*
*Family & Friends*

# 23rd Anniversary



# A. Joseph

**Edakalathur House**
**Gandhipuram, Coimbatore**

**Born : 02.11.1928  Died : 20.04.2001**

